(സി) സംസ്ഥാന സർക്കാർ ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ എത്ര ടൺ ഭക്ഷ്യോൽപ്പന്നങ്ങൾ സംഭരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിൽ നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ 20 ഗോഡൗണുകൾ മുഖാന്തിരമാണ് പൊതു വിതരണത്തിനാവശ്യമായ അരിയും ഗോതമ്പും സംഭരിച്ച് വിതരണം നടത്തുന്നത്. കേരളത്തിലെ നെൽക്കർഷകരെ സഹായിക്കുന്നതിനായി കർഷകരിൽ നിന്ന് കർഷക സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിക്കുന്ന നെല്ല്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് അരിയാക്കി പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് 4-6-2005-ലെ G.O.(Ms.) No. 22/2005/FCS & CAD പ്രകാരം സർക്കാർ അംഗീകാരം നൽകുകയും മേൽപ്പറഞ്ഞ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 'വികേന്ദ്രീകൃത സംഭരണ പദ്ധതി' സംസ്ഥാനത്ത് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്രപൂളിൽനിന്ന് സഹായം ലഭിക്കുന്നതായി അറിവില്ല.

(സി) നെല്ല് സംഭരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതുവരെ 137839.41 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ശുപാർശകൾ

175 [189] *ശ്രീ. എ. കെ. ബാലൻ:*
„ *ടി. കെ. ദേവകുമാർ:*
„ *എം. വി. ജയരാജൻ:*
„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് കോസ്റ്റ് ടു സെർവ് മാനദണ്ഡം സ്വീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നിഷ്കർഷിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വൈദ്യുതിനിരക്കുകൾ നിശ്ചയിച്ചാൽ ഇന്നത്തെ നിലയിൽ ഗാർഹിക ഉപഭോക്താക്കൾ, ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾ, കാർഷിക ഉപഭോക്താക്കൾ തുടങ്ങിയവരുടെ വൈദ്യുതിനിരക്കുകൾ എത്രയായിരിക്കുമെന്ന് ഗവൺമെന്റ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണുകൾ

176 [190] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
,, *എം. പ്രകാശൻ മാസ്റ്റർ:*
,, *എ. സി. മൊയ്തീൻ.* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടണമെന്ന കേന്ദ്ര ഭക്ഷ്യമന്ത്രാലയത്തിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം ഗോഡൗണുകളിലാണ് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്; ഏതെല്ലാം ഗോഡൗണുകളിലാണ് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാതിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും സ്വകാര്യമേഖലയെ ഏൽപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടി സംസ്ഥാനത്തു നിലനിൽക്കുന്ന പൊതുവിതരണ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ എഫ്. സി. ഐ. പൂട്ടാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

GPM. 2/567/2012--27

LIBRARY ARCHIVES Kerala Legislative Assembly